ഇറയം റിസർച്ച് ജേർണൽ
September-December 2024 Volume VIII Issue 3

# കോളനിയനന്തരകാലത്തെ അധിനിവേശങ്ങളും സാമൂഹികബലതന്ത്രങ്ങളും: യന്ത്രലോചനം, ചുവന്ന ബാഡ്ജ് എന്നീ നോവലുകളെ മുൻനിർത്തിയുള്ള വിശകലനം

ഐശ്വര്യ എസ് മേനോൻ

**സംഗ്രഹം**

കോളനിയനന്തരകാലം മുതൽ അധിനിവേശത്തിന്റെ വ്യത്യസ്തമായ ബലതന്ത്രങ്ങളാണ് പൗരസമൂഹത്തെ നിയന്ത്രിച്ചിട്ടുള്ളത്.സാംസ്കാരികമോ പാരിസ്ഥിതികമോ മതാധികാരപരമോ ആയ അധീശത്വത്തിൽ ഭരണകൂടം എങ്ങനെയാണ് സ്വാധീനിക്കുന്നതെന്നും അധിനിവേശം നേരിടുന്ന പൗരസമൂഹം എത്തരത്തിലാണ് സമകാല ഫിക്ഷനിൽ ആവിഷ്കൃതമാവുന്നതെന്നും വിശകലനം ചെയ്യുന്നതാണ് ഈ പ്രബന്ധം.സുസ്മേഷ് ചന്ത്രോത്തിന്റെ യന്ത്രലോചനം, രാജേഷ് ആർ വർമ്മയുടെ ചുവന്ന ബാഡ്ജ് എന്നീ നോവലുകളെ മുൻനിർത്തിയാണ് പഠനം നടത്തുന്നത്.യന്ത്രലോചനത്തിൽ സാംസ്കാരികമായ അധിനിവേശം വിഷയമാകുമ്പോൾ ചുവന്ന ബാഡ്ജിൽ മതാധിനിവേശമാണ് കാണുന്നത്.രണ്ട് നോവലുകളിലും വെളിവാകുന്ന വ്യത്യസ്തമായ അധിനിവേശത്തോടുള്ള പൗരസമൂഹത്തിൻ്റെ ഭീതി,ഭരണീയതയുടെ സ്വാധീനം,അധീശത്വത്തിന് പൊതു ഇടവുമായുള്ള ബന്ധം എന്നിങ്ങനെ സാമ്യവ്യത്യാസങ്ങൾ ചർച്ച ചെയ്തുകൊണ്ട് ഉപസംഹരിക്കുന്നു.

**താക്കോൽവാക്കുകൾ**

അധിനിവേശം , കോളനിയനന്തരത , പൊതു ഇടം , പൌരസമൂഹം

കോളനിഭരണത്തിന് ശേഷമുള്ള കാലഘട്ടം എന്ന അർത്ഥത്തിലാണ് കോളനിയനന്തരം എന്ന് വിവക്ഷിക്കുന്നത്.ഇത് കോളനിഭരണം ആരംഭിച്ച ഘട്ടമോ സ്വാതന്ത്ര്യാനന്തരഘട്ടമോ ആവാം.കോളനിയനന്തരസമൂഹത്തിന്റെ സാംസ്കാരികസ്വത്വം,സമ്പത്ത്,സാമൂഹികഘടന എന്നിവയെ വിദേശഭരണം ബാധിക്കുന്നതായി കാണുന്നു.ഇത്തരം രാജ്യങ്ങളിൽ തദ്ദേശീയവും വൈദേശികവുമായ സംസ്കാരങ്ങളുടെ മിശ്രിതമുണ്ടാവുന്നു. കൊളോണിയലിസത്തിന് ശേഷമുള്ള സമ്പദ്വ്യവസ്ഥകളിൽ ബഹുരാഷ്ട്രകുത്തകകൾ അധികാരം വഹിക്കുന്നു.ഉല്പാദനം,സേവനം,സാങ്കേതികവിദ്യ എന്നിവയിൽ നിക്ഷേപം നടത്തുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും പ്രാദേശിക സമ്പദ്വ്യവസ്ഥയെ സ്വാധീനിക്കുകയും ചെയ്യുന്നു.വിഭവങ്ങളുടെ ചൂഷണം ,പാരിസ്ഥിതിക ആശങ്കകൾ ,സാമ്പത്തിക അസമത്വം എന്നിവ ഇത്തരം അധിനിവേശങ്ങളുടെ ഫലമാണ്.ഡിജിറ്റൽ മധ്യമങ്ങളുടെയും ഇന്റര്നെറ്റിന്റെയും വ്യാപനത്തോടെ പ്രാദേശികജനതയിൽ പാശ്ചാത്യമൂല്യങ്ങളുടെയും ജീവിതശൈലിയുടെയും പ്രഭാവം കാണുന്നു.ഇത് തദ്ദേശീയ സാംസ്കാരികമൂല്യങ്ങളെ ഇല്ലാതാക്കുകയും സാംസ്കാരിക സാമ്രാജ്യത്തിലേക്ക് നയിക്കുകയും ചെയ്യുന്നു.

ഗ്രാമീണസമൂഹം കോളനിയനന്തര അധിനിവേശങ്ങളെ സ്വാംശീകരിക്കാനും പൊരുത്തപ്പെടാനും ചെറുക്കാനും പുതിയ സാംസ്കാരികരൂപങ്ങൾ സൃഷ്ടിക്കാനുമുള്ള സാധ്യതകളെക്കുറിച്ച് ഹോമി ഭാഭ Hybridity, mimicry, third space തുടങ്ങിയ ആശയങ്ങൾ മുന്നോട്ടുവെക്കുന്നുണ്ട്. കോളനിവത്കരിക്കപ്പെട്ട സമൂഹങ്ങൾ പ്രാദേശികവും വൈദേശികവുമായ സ്വാധീനങ്ങളെ സംയോജിപ്പിച്ച് പുതിയ സാംസ്കാരിക രൂപങ്ങൾ സൃഷ്ടിക്കുന്ന 'കൾച്ചറൽ

ഹൈബ്റിഡിറ്റി'യെക്കുറിച്ചും,ഇത്തരം സാംസ്കാരിക ഇടപെടലുകൾ സംഭവിക്കുന്ന 'മൂന്നാം ഇട'ത്തെക്കുറിച്ചും ഇതിൽ ചെറുത്തുനിൽപ്പിന്റെയും പങ്കാളിത്തത്തിന്റെയും ഒരു തന്ത്രമെന്ന നിലയിൽ 'മിമിക്രി'യെക്കുറിച്ചും ഭാഭ ചർച്ചചെയ്യുന്നുണ്ട്.

എന്നാൽ സാംസ്കാരികസാമ്രാജ്യത്തെ ഷില്ലർ നിർവചിക്കുന്നത് മാധ്യമങ്ങളുടെ ഉടമസ്ഥാവകാശം,ഘടന, വിതരണം എന്നിവയുമായി ബന്ധപ്പെട്ടാണ്. മറ്റൊരു രാജ്യത്തിന്റെ മാധ്യമതാല്പര്യമാണ് കോളനിവത്കരിക്കപ്പെട്ട രാജ്യത്ത് അനുഭവപ്പെടുന്നത്. മാധ്യമങ്ങളും,വിവര സംവിധാനങ്ങളും പശ്ചാത്യമുതലാളിത്തത്തിന്റെ താല്പര്യങ്ങൾ നിറവേറ്റുന്ന സാമ്പത്തിക-രാഷ്ട്രീയ ഉപകരണങ്ങളാണ് എന്നാണ് ഷില്ലർ വാദിച്ചത്.ഇത് സാംസ്കാരികമായ ഏകരൂപീകരണത്തിന് കാരണമാകുന്നുണ്ടെങ്കിലും പ്രാദേശികസംസ്കാരങ്ങൾ അവയുടെ സാംസ്കാരിക സന്ദർഭങ്ങൾക്കനുസൃതമായി അധിനിവേശവുമായി പൊരുത്തപ്പെടാനോ ചെറുത്തുനിൽക്കാനോ ശ്രമിക്കുമെന്ന് ഷില്ലർ നിരീക്ഷിക്കുന്നത് കാണാം.

കോളനിവത്കരണത്തിന്റെ മനശാസ്ത്രപരവും സാംസ്കാരികവുമായ പ്രത്യാഘാതങ്ങൾ ചർച്ചചെയ്യുന്ന ഫ്രാൻസസ് ഫാനൻ അവരുടെ ശകലിതമായ ആത്മബോധത്തെക്കുറിച്ച് പറയുന്നു. പരമ്പരാഗതവിശ്വാസങ്ങളും,ജീവിതശൈലികളും ദുർബലപ്പെടുകയും പകരം അടിച്ചേൽപ്പിക്കപ്പെട്ട മൂല്യങ്ങളും സമ്പ്രദായങ്ങളും മാറ്റിസ്ഥാപിക്കപ്പെടുകയും ചെയ്യുന്നു. അതുകൊണ്ട് ഈ അധിനിവേശങ്ങൾ ഗ്രാമീണസമൂഹങ്ങൾക്കിടയിൽ സമാനമായ മാനസിക അന്യവത്കരണത്തിലേക്കും സാംസ്കാരികസ്ഥാനചലനത്തിലേക്കും നയിക്കുന്നു.

കോളനിയനന്തരസമൂഹം എന്ന നിലയിൽ വികസനത്തിന്റെ പേരിൽ ഇന്ത്യ കോർപ്പറേറ്റ് അധിനിവേശം നേരിടുന്നതായി കാണാം.സാമ്പത്തിക ഉദാരവത്കരണത്തിന് കാരണമായത് കോർപ്പറേറ്റ് അധിനിവേശമാണ്.ഇന്ത്യൻ നയരൂപീകരണത്തിൽ ബഹുരാഷ്ട്ര കമ്പനികളുടെ സ്വാധീനം പ്രാദേശികസമൂഹത്തിന് ദോഷമാകുന്നു..പാരിസ്ഥിതികവും സാമൂഹികവുമായ പ്രത്യാഘാതങ്ങളും അവയ്ക്കെതിരെയുള്ള ചെറുത്തുനിൽപ്പുമാണ് നിലവിലെ ഇന്ത്യൻ സാഹചര്യം. കോളനിയനന്തര ഇന്ത്യ മതാധിനിവേശവും നേരിടുന്നു.കോളനിവിരുദ്ധവികാരമാണ് ഇന്ത്യയിലുടനീളം വലതുപക്ഷമതാധികാരം ശക്തമാകുന്നതിന് കാരണമായത്.പാശ്ചാത്യസ്വാധീനത്തെയും കൊളോണിയൽ പൈതൃകത്തെയും ചെറുക്കുന്നതിനുള്ള ഒരു മർഗ്ഗമായി ഇന്ത്യൻസംസ്കാരത്തെയും മൂല്യങ്ങളെയും പ്രോൽസാഹിപ്പിച്ചതും ദേശീയതയും ഇന്ത്യൻസമൂഹത്തിൽ നിലനിന്നിരുന്ന ജാതിശ്രേണിയും തീവ്രവലതുപക്ഷമതാധികാരത്തെ വളർത്തി. ഇത് കോളനിയനന്തരസമൂഹത്തിൽ കോർപ്പറേറ്റ് അധിനിവേശം പോലെ മതാധിനിവേശം ശക്തിപ്പെടുന്നതിനും വിശ്വാസലോകത്തിലേക്ക് കടന്നുകയറി ജനതയുടെ ജൈവലോകത്തെ ബാധിക്കുന്നതിനും കാരണമാകുന്നു. കോർപ്പറേറ്റുകളും മതതീവ്രവാദികളും സാംസ്കാരികാധിപത്യത്തിന്റെ ഏജന്റുമാരായി പ്രവർത്തിക്കുകയും സാമ്പത്തികവികസനവും മതപ്രത്യയശാസ്ത്രവും ഗ്രാമീണസമൂഹങ്ങളിൽ അവരുടെ മൂല്യങ്ങളും ആചാരങ്ങളും അടിച്ചേൽപ്പിക്കുന്നതിനുള്ള ഉപകരണങ്ങളായി ഉപയോഗിക്കുകയും ചെയ്യുന്ന സാംസ്കാരികസാമ്രാജ്യത്തിന്റെ ആധുനികമുഖമായി ഈ അധിനിവേശങ്ങളെ കാണാം.

മലയാളസാഹിത്യത്തിൽ സാംസ്കാരിക അധിനിവേശത്തിന്റെ പ്രതിഫലനം എന്ന നിലയിൽ കാണുന്ന ഒരു നോവലാണ് സുസ്മേഷ് ചന്ത്രോത്തിന്റെ 'യന്ത്രലോചനം'. 2020 ൽ പുറത്തിറങ്ങിയ ഈ നോവൽ ഗ്രാമീണജീവിതത്തിലേക്കുള്ള യന്ത്രങ്ങളുടെ കടന്നുകയറ്റവും അതിന്റെ പ്രത്യാഘാതങ്ങളുമാണ്

ചർച്ച ചെയ്യുന്നത്.ഒരു വിമാനത്താവളത്തിന് വേണ്ടി പച്ചപ്പായ പച്ചപ്പൊക്കെ അളന്നെടുക്കപ്പെടുകയും ഭൂമാഫിയകൾ പിടിമുറുക്കുകയും ചെയ്യുന്നതോടുകൂടി ഒരു ഗ്രാമത്തിനുണ്ടാകുന്ന ദുരന്തമാണ് യന്ത്രലോചനം.നോവലിലെ പ്രധാനകഥാപാത്രമായ വിപിനൻ അംശം ദേശത്തെ മഹാദേവ ക്ഷേത്രത്തിലെ പൂജാരിയാണ്.വിപിനനും കാമുകി പൌർണമിയും അവരുടെ പ്രണയവും ഗ്രാമത്തിൽ വിമാനത്താവളം വരുന്നതുമായി ബന്ധപ്പെട്ട സംഭവവികാസങ്ങളുമാണ് ആഖ്യാനം ചെയ്തിട്ടുള്ളത്. ക്ഷേത്രത്തിൽ പൂജ കഴിഞ്ഞു മടങ്ങുന്ന വിപിനന് പാടം കാണുമ്പോൾ മനസ്സിലുയരുന്ന ആധിയിൽ നിന്നാണ് നോവൽ ആരംഭിക്കുന്നത്. ആ സ്ഥലത്തിന് മൃത്യുയോഗം പതിയാൻ ഇനിയുമെത്ര കാലം ബാക്കി എന്ന ചോദ്യം അയാളെ അലട്ടുന്നുണ്ട്. വിപിനൻ അനുഭവിക്കുന്ന ഈ ഭയം യന്ത്രവത്കൃതമായ മൂന്നാംലോകഗ്രാമത്തിന്റേതാണ്.നോവലിലുടനീളം യന്ത്രസാന്നിധ്യം കാണുന്നു.അരവുയന്ത്രം ,ഞെക്കുവിളക്ക്,മൊബൈൽ , ടെലിവിഷൻ എന്നിങ്ങനെ യന്ത്രങ്ങൾ കയ്യടക്കിയ ഗ്രാമീണജീവിതമാണ് അംശം ദേശത്ത് കാണുന്നത്.

“ദുഖിതരാജ്യതലസ്ഥാനത്തിൽ

ദുഖാപുരിയിൽ ദുഖത്തെരുവിൽ

ദുഖാചരണദിനത്തിനൊരിക്കൽ

ദുഖിതപൌരസഹസ്രം വന്നു”

എന്നിങ്ങനെ പി പി രാമചന്ദ്രന്റെ ‘ദുഖത്തുള്ളൽ’ എന്ന കവിതയിലെ വരികൾ നോവൽ ആമുഖമായി കൊടുത്തിരിക്കുന്നു. പൌരസഹസ്രത്തെ ദുഖിതരാക്കുന്ന അധിനിവേശത്തിന്റെ കടന്നുവരവ് ഇതിൽ നിഴലിക്കുന്നു. അംശം ദേശത്ത് സ്വകാര്യ വിമാനത്താവളം വരുന്നത് അമ്പലമുറ്റത്ത് ചർച്ചയാകുമ്പോൾ വികസനം വരുന്നതാണെന്ന് കരുതി ചിലർ സന്തോഷിക്കുമ്പോഴും നോവലവസാനത്തിൽ പൌരസമൂഹത്തെ കാത്തിരുന്നതും ദുഖം തന്നെയാണ്. പതിവില്ലാതെ ‘സ്ഥലം വില്ക്കാനുണ്ടോ’ എന്ന ചോദ്യം ഗ്രാമവാസികളിൽ അസ്വസ്ഥതയുണ്ടാക്കുന്നു.700 ഏക്കർ നിലം സ്വകാര്യ കമ്പനി ഏറ്റെടുത്തുകൊണ്ട് 2000 കോടി ചിലവാക്കി നിർമ്മിക്കുന്ന സ്വകാര്യ വിമാനത്താവളത്തിന് സർക്കാരിൽ നിന്ന് എൻ. ഒ. സി. ലഭിക്കുന്നു. ജോലിയിൽ നിന്നും വിരമിച്ചവരും വിവിധ രാഷ്ട്രീയപ്പാർട്ടികളിൽ ഉൾപ്പെട്ടവരുമായ ആറംഗസംഘമാണ് അമ്പലമുറ്റത്തിരുന്ന് ആശങ്ക പ്രകടിപ്പിക്കുന്നതും പ്രതികരിക്കാൻ തീരുമാനിക്കുന്നതും എന്നതാണ് പൊതുഇടത്തിന്റെ - തേർഡ് സ്പേസിന്റെ പ്രസക്തി എന്ന് കാണാം.

‘വിപിനൻ മുകളിലേക്ക് നോക്കി. നക്ഷത്രനിബിഡമായ ആകാശം. പലതരം പക്ഷികളുടെ ഉറക്കംപിടിക്കും മുമ്പുള്ള കുറുകലുകൾ. രാപ്പക്ഷികളുടെ അലമ്പുകൾ . തവളകളും ചീവീടുകളുമുതിർക്കുന്ന വിഭിന്ന സ്വരങ്ങൾ. വിമാനത്താവളത്തിനായി സ്ഥലമെടുക്കുന്നതോടെ ഇതെല്ലാം എവിടെ പോകും ?’ ഇങ്ങനെ ആശങ്കപ്പെടുന്ന വിപിനൻ പാരിസ്ഥിതികപ്രശ്നമാണ് ഉയർത്തുന്നത്.സാങ്കേതികവിദ്യയുടെ സഹായത്തോടെ കൂടുതൽ വാര്‍ത്തകൾ ശേഖരിക്കുന്ന വിപിനൻ അധിനിവേശത്തെ ചെറുക്കുന്നതിന് സാമൂഹ്യമാധ്യമത്തെ കൂട്ടുപിടിക്കുന്നത് ശ്രദ്ധേയമാണ്.“ നമ്മളെല്ലാം ചേർന്ന ഈ ഭൂതലം.. അതില്ല്യാണ്ടെയാവും .. പിന്നെ ഈ ഭാഷേടെ തനിമ , ഇവിടെ മാത്രം പാറേണ ഈ രീതി ,അതൊക്കെല്ല്യാണ്ടെയാവും,ഒക്കെകൂടി ആവശ്യല്ലാത്ത ഒര് കാര്യത്തിനായി ഒക്കെ കുറ്റിച്ചോറാവുംന്നർത്ഥം..” സാംസ്കാരികാധിനിവേശം എങ്ങനെയാണ് ഒരു ഗ്രാമത്തിന്റെ തനിമയെയും,

സ്വത്വത്തെയും, അതിന്റെ സംസ്കാരത്തെയും ഇല്ലാതാക്കുന്നത് എന്നതിന് ദൃഷ്ടാന്തമായി ഈ സന്ദർഭത്തെ കാണാം.

" കുളം മരിക്കും. ഇത് മാത്രമല്ല , നാട്ടിലുള്ള എല്ലാ കുളങ്ങളും ഉറവകളും മരിക്കും. പിന്നെ മഴക്കാലത്ത് വെള്ളപ്പൊക്കം വരും. മഴവെള്ളം കുത്തിയൊഴുകി കടലിൽ പോകും. ജൈവമേഖല തകർന്നടിയും. ഭാവിയിൽ കുടിനീരില്ല്യാണ്ടെയാവും. ഉടനടി ന്തേലും ചെയ്യണ"മെന്ന് വിപിനൻ മഹാദേവനോട് ആവശ്യപ്പെടുന്നു. ബഹുരാഷ്ട്ര കുത്തകകമ്പനികൾ വ്യവസായത്തിന്റെ പേരിൽ പാരിസ്ഥിതികചൂഷണം നടത്തുമ്പോൾ ആവാസവ്യവസ്ഥ തകരുകയും പ്രകൃതിദുരന്തങ്ങൾ സംഭവിക്കുകയും ചെയ്യുമെന്നത് പ്രത്യക്ഷത്തിൽ സമൂഹം നേരിടുന്നതാണ്. കോർപ്പറേറ്റുകൾ അധികാരം ഏറ്റെടുക്കുന്ന മൂന്നാം ലോകരാജ്യത്തിന്റെ നിസ്സായത യന്ത്രലോചനത്തിൽ കാണാവുന്നതാണ്.

ഈ നോവലിലെ മറ്റൊരു കഥാപാത്രമായ അംശം ദേശത്തെ മഹാദേവൻ മറ്റു ജീവജാലങ്ങളുടെ രൂപത്തിലാണ് പ്രത്യക്ഷപ്പെടാറുള്ളത്.ജനപ്രതിനിധിയെന്ന പോലെ വിപിനന്റെ അപേക്ഷ സ്വീകരിച്ച് വിമാനത്താവളകാര്യങ്ങൾ മനസ്സിലാക്കുന്നതിന് തലസ്ഥാനത്ത് പോകുന്നതായി കാണാം.തന്റെ പരാജയം തുറന്ന് സമ്മതിക്കുന്ന, ഗ്രാമവാസികളുടെ ആശ്രയമായ മഹാദേവൻ ക്ഷേത്രം വിട്ടുപോവുകയും നിസ്സഹായതയോടെ യന്ത്രവത്കരണത്തിന് തലവെച്ചുകൊടുക്കുന്നതുമാണ് നോവലിൽ ചിത്രീകരിച്ചിട്ടുള്ളത്.വിപിനനു മുന്നിൽ സങ്കടം പറയാനെത്തുന്ന മലേപ്പോതിയും നിശബ്ദമായി വിടവാങ്ങുന്ന നാഗങ്ങളും ഗ്രാമീണമൂല്യങ്ങളുടെയും വിശ്വാസങ്ങളുടെയും കൂടി പിൻവാങ്ങലാണ്.

അംശം ദേശക്കാർ പാടശേഖരസമിതിയുടെയും പരിസ്ഥിതിവാദികളുടെയും പിന്തുണയോടെ സ്വകാര്യ വിമാനത്താവളം വരുന്നതിനെതിരെ ഓൺലൈൻ മാധ്യമങ്ങളിൽ പ്രതിഷേധമറിയിക്കുന്നു. പൈതൃകത്തിന്റെ പേരിൽ മഹാദേവ ക്ഷേത്രമെങ്കിലും സംരക്ഷിക്കാൻ ഗ്രാമവാസികൾ ശ്രമിക്കുന്നു. 'ലാൻഡ് റിഫോംസ് ആക്കും , എൻവിരോൺമെൻറൽ പ്രൊട്ടക്ഷൻ ആക്കും അക്വിസിഷൻ ആക്കും നോക്കണ്ടേ' എന്ന ചോദ്യത്തിന് ' പാർലമെന്ററി സ്റ്റാൻഡിങ് കമ്മിറ്റി എതിർത്തിട്ടും നോ ഓബ്ജക്ഷൻ സർട്ടിഫിക്കറ്റ് കിട്ടീന്ന് പറഞ്ഞാ മൻസിലായില്ലേ്യ' എന്ന് നോവലിൽ കാണുന്ന മറുപടി ഭരണകൂടത്തിന്റെ സ്വാർത്ഥതാല്പര്യങ്ങൾ വെളിപ്പെടുത്തുന്നതാണ് .അധിനിവേശം പിടിമുറുക്കുമ്പോൾ ഭരണകൂടം നിസ്സംഗത പാലിക്കുകയോ അതിന് മധ്യസ്ഥം വഹിച്ച് ജനദ്രോഹപരമായി നിലകൊള്ളുകയോ ചെയ്യുന്നത് കാണുന്നു. " വീഴാൻ പോയ സര്ക്കാര് വീഴാണ്ടെ നിന്നതെങ്ങനെയാന്നാ നിങ്ങളുടെ ഊഹം.. ഇവിടത്തെ പലജാതി മൊതലാളിമാര് താങ്ങിനിർത്തീതല്ലേ ?' എന്ന് പറയുന്നതിൽ ജനപ്രതിനിധികൾ അധിനിവേശത്തിന്റെ ഏജന്റുമാരായി മാറുന്നത് കാണുന്നു. ഇങ്ങനെയാണ് സർക്കാരെങ്കിൽ എന്തിനാണ് അവരെ തെരഞ്ഞെടുക്കുന്നത് എന്ന ചോദ്യം നോവൽ അവശേഷിപ്പിക്കുന്നു. സ്വകാര്യകമ്പനികളിൽ നിന്ന് ഭീമൻതുക കോഴ വാങ്ങുകയും പൌരസമൂഹത്തെ വഞ്ചിച്ചുകൊണ്ട് അധിനിവേശത്തിന് വികസനത്തിന്റെ പേരിൽ വഴിയൊരുക്കുകയും ചെയ്യുന്ന ഭരണസംവിധാനത്തെ നോവൽ തുറന്നുകാട്ടുന്നു.

"അങ്ങനെ കൃത്രിമമായി ഉണ്ടാക്കാൻ പറ്റുണതാണോ ബയോഡൈവേർസീറ്റി ? കൺസർവേഷൺ സയൻസ് സിലബസിലില്ലാത്തതിന്റെ കൊഴപ്പാ കൊറേയൊക്കെ" എന്നിങ്ങനെയുള്ള ചോദ്യങ്ങൾ പ്രകൃതിസംരക്ഷണം എന്ന പേരിൽ നടക്കുന്ന പ്രഹസനങ്ങൾ വെളിപ്പെടുത്തുന്നു. ഗ്രീൻ ബെൽറ്റ് സംരക്ഷണവും,കണ്സർവേഷൻ സയൻസും രേഖകളിൽ മാത്രം നിലനിൽക്കുന്നതും ബഹുരാഷ്ട്രകുത്തകകളുടെ സ്വാധീനവും പണവും അധികാരവും ഇത്തരം നിയമങ്ങളെ

വളച്ചൊടിക്കാനുള്ള ആയുധങ്ങളാണെന്നും ജനാധിപത്യ ഭരണകൂടം എന്നത് സങ്കല്പം മാത്രമെന്നും യന്ത്രലോചനം ഓർമ്മിപ്പിക്കുന്നു.

"അംശം ദേശത്തിന്റെ കേന്ദ്രം മാറും ..വേറെ അങ്ങാടി പൊങ്ങിവരും.. അപ്പോ ഏട്ടന്റെ കട പൂട്ടേണ്ടിവരും. മാളുകൾ വരും.. ഞങ്ങള് വഴിയാധാരാകും"പൌർണമി സൂചിപ്പിക്കുന്നത് ഉപഭോഗസംസ്കാരത്തിന് വഴിതുറക്കുന്ന ഗ്രാമീണജനതയുടെ ആകുലതയാണ്. "ഉറക്കത്തിൽ പതിവില്ലാതെ തുമ്പികളെ സ്വപ്നം കണ്ടു. ദേഹത്തിന് തുരുമ്പിന്റെ നിറമുള്ള തുമ്പികൾ. തുമ്പികൾ വിമാനങ്ങളെ പോലെ പറന്നു പരിശീലിക്കുന്നു. ചരിഞ്ഞും കുത്തനെയും പറക്കുന്നു. നിലത്തുകൂടി ഓടിപ്പോയിട്ട് പറന്നുയരാൻ പരിശീലിക്കുന്നു. ആകാശത്ത് വട്ടമിടുന്നു. ക്രമേണ അതൊക്കെയും ജൈവത്തുമ്പികളല്ല, യന്ത്രത്തുമ്പികളാണെന്ന് വിപിനനു മനസ്സിലായി."ഇങ്ങനെ ജൈവലോകം ക്രമേണ ഇല്ലാതാവുകയും യന്ത്രം സ്ഥാനം പിടിക്കുകയും നിലനിൽപ്പ് പ്രതിസന്ധിയിലാവുകയും ചെയ്യുന്ന പൌരസമൂഹത്തിന്റെ കോളനിയനന്തരകാലത്തെ യന്ത്രഭീതിയും ഭാവിഭയവും ആഖ്യാനങ്ങളിൽ വെളിപ്പെടുന്നു.

"മഹാദേവൻ പാടത്തേക്കിറങ്ങുന്നത് വിപിനൻ കണ്ടു. പൂച്ചയായിട്ടല്ല, വാവലായിട്ടല്ല, ചില ദിക്കിൽ അധമനായും നിസ്സഹായനായും ജീവിക്കാൻ വിധിക്കപ്പെട്ട മനുഷ്യനായിട്ട്"- യന്ത്രവത്കൃതലോകത്ത് മനുഷ്യനും ദൈവവും വിശ്വാസവും മൂല്യങ്ങളുമെല്ലാം നിസ്സഹായതയോടെ നോക്കിനിലക്കുന്നത് നോവലിൽ കാണുന്നു. മണ്ണും ജലവും പരീക്ഷണശാലയിൽ നിർമ്മിക്കുന്ന , എച്ച് ടു ഒ പുതിയ മന്ത്രമായി മാറിയ ,ഏത് ജീവിയും ഇവിടെ നിർവഹിക്കുന്ന ധർമ്മങ്ങളും കടമകളും അവയുടെ അസാന്നിധ്യത്തിൽ പുനസ്ഥാപിക്കപ്പെടുന്നതിനുള്ള യന്ത്രങ്ങളും സോഫ്റ്റ്വെയറുകളും നിർമ്മിക്കപ്പെട്ടിരിക്കുന്ന, മനുഷ്യന് യന്ത്രങ്ങൾ മാത്രം മതിയാകുന്ന ഒരു ലോകത്തെക്കുറിച്ച് നിസ്സഹായനായി മടങ്ങിയെത്തുന്ന മഹാദേവൻ ഇങ്ങനെ പറയുന്നുണ്ട് –"മനുഷ്യസമൂഹത്തിലെ ഭാവനയെ അവർ കൊന്നു. ഐതിഹ്യങ്ങളെയും കെട്ടുകഥകളെയും നിർദോഷവിശ്വാസങ്ങളെയും റദ്ദ് ചെയ്തു.. ജലജീവികളും ജലവും മരിച്ചു .. പരീക്ഷണങ്ങൾ പുരോഗമിക്കുന്നുണ്ട്."വികസനത്തിന് തടസ്സം നില്ക്കുന്ന ജീവജാലങ്ങളെ നശിപ്പിക്കാൻ ജൈവയുദ്ധം നടത്തുമെന്ന സൂചന നോവൽ മുന്നോട്ട് വെക്കുന്നു. 'പച്ചരക്തത്തിന്റെ ഉന്മൂലനം' എന്ന വിപത്ത് അംശം ഗ്രാമത്തെ മാത്രമല്ല ലോകത്തെ മുഴുവൻ ഗ്രസിക്കാൻ പോകുന്ന ആഗോളമനുഷ്യന്റെ സമീപഭാവിയാണ് എന്ന് കാണാം.

കല്യാണസൌഗന്ധികം ആഗ്രഹിക്കുന്ന പൌർണമിക്ക് വിമാനത്താവളം കയ്യടക്കാൻ പോവുന്ന കുളത്തിന്റെ ഓരത്ത് നിന്നും വിപിനൻ അവസാനമായി സൌഗന്ധികം പൊട്ടിച്ച് നല്കുകയും കുളത്തിന്റെ ആഴങ്ങളിലേക്ക് വെളിച്ചം തേടി അവർ മുങ്ങിത്താഴുകയും ചെയ്യുന്നു.പ്രണയം പോലുള്ള മഹത്തായ വികാരങ്ങളും യന്ത്രം കീഴടക്കുന്നു.തന്റെ ഗ്രാമവും കുളവും മഹാദേവനും മലേപ്പോതിയും ഗന്ധർവ്വനുമൊക്കെ ഇല്ലാതാകുന്നതും അടുത്ത വിമാനത്താവളം വരുന്നത് വരെ മറ്റൊരിടത്തേക്കുള്ള കുടിയേറ്റവും ഉൾക്കൊള്ളാൻ കഴിയാത്ത, നിലനിൽപ്പില്ലാത്ത ഗ്രാമീണജീവിതം അവസാനിക്കുന്നു.

'പിൽക്കാലത്ത് 'തുച്ഛമായ' പക്ഷികളിടിച്ച് കൂറ്റൻ വിമാനങ്ങൾക്ക് കേടുപാടുകൾ പറ്റുന്നത് അവിടത്തെ വിമാനത്താവളത്തിലും പതിവായിത്തീർന്നു' എന്നാണ് നോവൽ അവസാനിക്കുന്നത്.കൂറ്റൻ വിമാനത്താവളങ്ങൾ സർവ്വസാധാരണമാകുകയും തുച്ഛമായ പക്ഷികൾ അവശേഷിക്കുന്നത് ഭീഷണിയാവുകയും ചെയ്യുന്ന കാലത്തെ അടയാളപ്പെടുത്തി യന്ത്രലോചനം കോളനിയനന്തരകാലത്ത്

വികസനത്തിന്റെ പേരിൽ നടക്കുന്ന കോർപ്പൊറേറ്റ് അധിനിവേശത്തെ ഭയാശങ്കകളോടെ സമീപിക്കുന്നു എന്ന് കാണാം.

കോർപ്പൊറേറ്റ് അധിനിവേശത്തെയും അതിന്റെ പ്രത്യാഘാതങ്ങളെയും ചർച്ച ചെയ്യുന്ന നോവലാണ് സുസ്മേഷ് ചന്ത്രോത്തിന്റെ 'യന്ത്രലോചന'മെങ്കിൽ സമഗ്രാധിപത്യം ഇന്ത്യൻ സമൂഹത്തിൽ പിടിമുറുക്കുന്നതും മതാധിനിവേശവുമാണ് രാജേഷ് ആർ വർമ്മയുടെ 'ചുവന്ന ബാഡ്ജ്' എന്ന നോവലിൽ കാണുന്നത്. 2017 ൽ പുറത്തിറങ്ങിയ ഈ നോവൽ വ്യത്യസ്തമായ ആഖ്യാനതന്ത്രമാണ് പിന്തുടരുന്നത്.1975 കാലഘട്ടത്തിൽ നാത്സികൾ അഖണ്ഡഭാരതം രൂപീകരിക്കുന്നതും മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങൾക്കൊപ്പം കേരളവും പിടിച്ചടക്കുന്ന കാലത്ത് ആഖ്യാതാവ് മാർക്കിനും റാങ്കിനും പുറകിലോടുന്ന വിദ്യാർത്ഥിയായിരുന്നുവെന്നും നാത്സികളുടെ പ്രീതി പിടിച്ചുപറ്റുന്നതിനുള്ള കേരളത്തിന്റെ വർഗ്ഗീയശ്രമങ്ങളുടെ നേർക്ക് സ്വപ്നാടനം വിട്ടുണരുന്നത് എന്ന് പറയുന്നുണ്ട്."ഫാസിസം അതിന്റെ വിശ്വരൂപം കൈക്കൊള്ളാൻ തയ്യാറെടുത്തു നില്ക്കുന്ന ഇന്നത്തെ അവസ്ഥയിൽ ആ വിശ്വരൂപം വായനക്കാരെ ഒന്ന് കാണിച്ചുകൊടുക്കാനുള്ള ശ്രമമാണ് ഈ അപരിചിത നോവലിൽ (alternate history)"എന്ന് ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നു.ഭൂതകാലത്തെ മഹത്വവത്കരിക്കുന്ന ഫാസിസ്റ്റ് തന്ത്രത്തെ അകല്പനികമായ ഭൂതകാലാഖ്യാനത്തിലൂടെ തിരിച്ചിടുന്ന ഈ നോവലിൽ ബാല്യകാലസ്മരണകൾ എന്ന കാല്പനികസാഹിത്യരൂപത്തിന്റെ അപനിർമ്മിതികൂടി നടത്തിയിരിക്കുന്നു എന്ന് നോവലിസ്റ്റ് സാക്ഷ്യപ്പെടുത്തുന്നു.

"ഫാഷിസമാണ് രാജേഷ് ആർ വർമ്മയുടെ ഈ അസാധാരണ നോവലിന്റെ വിഷയം. ഫാഷിസ്റ്റ് സ്വേച്ഛാധിപത്യത്തിന്റെ ആഗമന -അധിനിവേശങ്ങളുടെ കുടിലതകളിലേക്ക് നിർമ്മമവും നിശിതവുമായി ആഴ്ന്നിറങ്ങുന്ന ഈ നോവൽ മലയാളസാഹിത്യത്തിന് ഒരു പുതിയ അനുഭവമാണെ"ന്ന് സക്കറിയ അഭിപ്രായപ്പെട്ടിരിക്കുന്നതും അധികാരക്കൊതിയും അധിനിവേശമോഹങ്ങളും ബാലപ്പെട്ടുവരുന്ന കാലത്ത് ഏകാധിപത്യത്തിലേക്കുള്ള ദൂരം അധികമില്ലെന്ന് സൂചിപ്പിക്കുന്ന ,സമകാലികമായ ഒട്ടേറെ ചോദ്യങ്ങൾ ഉയർത്തുന്ന നോവൽ" എന്ന് സേതു അഭിപ്രായപ്പെട്ടിരിക്കുന്നതും നോവലിന്റെ പ്രാധാന്യം ഉറപ്പിക്കുന്നു.

നോവൽ ആരംഭത്തിൽ ആഖ്യാതാവിന്റെ ഇടത്തരം മലയാളി കുടുംബത്തെ വിശേഷിപ്പിക്കുന്നത് ഇങ്ങനെയാണ് –"ഒരു നാത്സി ലഘുലേഖയിലെ രേഖാചിത്രത്തിലെന്ന പോലെ ,ഇരുണ്ട കറുപ്പുകളും തെളിഞ്ഞ വെളുപ്പുകളും പുഞ്ചിരിക്കുന്ന മുഖങ്ങളുമുള്ള കുടുംബം."അധിനിവേശത്തിന്റെ മുഖം പോലെ ഇടത്തരം കുടുംബവും കാണപ്പെടുന്നതിൽ അധികാരം പരോക്ഷമായി പ്രവർത്തിക്കുന്ന ഇടമെന്ന രീതിയിൽ കുടുംബത്തെ അഭിസംബോധന ചെയ്യുതായി കാണുന്നു.

നോവലിന്റെ അഞ്ചാം അധ്യായത്തിൽ നാത്സിഭരണം കടന്നു വരുന്നത് 'ചരിത്രമുഹൂർത്തം' എന്ന പേരിലാണ്. നാത്സിപാർട്ടിയുടെ യുവജനവിഭാഗം അഥവാ സേനയുടെ ഘടകത്തിൽ ചേരാനുള്ള നിർദേശം പൊതുസമൂഹത്തിലേക്ക് എത്തുന്നത് അമ്പലത്തിന്റെ ഘടകം എന്ന വ്യാജേനയാണ്.അങ്ങനെ അമ്പലത്തെയും വിശ്വാസത്തെയും കൂട്ടുപിടിച്ചുകൊണ്ടാണ് നാത്സികൾ വളരുന്നത്."നാട്ടിലെല്ലാം ഘടകങ്ങൾ തുടങ്ങിയതോടെ, ഘടകത്തിൽ പോകുന്നവരും പോകാത്തവരും എന്നൊരു വേർതിരിവ് കുട്ടികൾക്കിടയിൽ ഉണ്ടായിവന്നു. ഘടകത്തിൽ പോകുന്നവർ അമ്പലത്തിലും സ്കൂളിലും ഘടകക്കാരോട് മാത്രമായി കൂട്ടുകെട്ട്. അവർ തമ്മിൽ ഘടകത്തിലെ ചട്ടവട്ടങ്ങളും മധ്യപ്രദേശിലെ സംഭവങ്ങളും രാജർഷിയുടെ പ്രസംഗങ്ങളും ചർച്ച ചെയ്തു."ഇത്തരത്തിൽ

വിശ്വാസസ്ഥാപനമായ അമ്പലവും വിദ്യാഭ്യാസസ്ഥാപനവുമാണ് അധിനിവേശത്തിന്റെ നുഴഞ്ഞുകയറ്റത്തിന് വഴിയൊരുക്കുന്നത്.

വിദ്യാലയമാണ് നാത്സിഭരണം സമൂഹത്തിലേക്ക് വ്യാപിക്കുന്നതിന് വഴിയൊരുക്കുന്ന മറ്റൊരു ഏജന്റ്. ഉമാകേരളം സിലബസിൽ നിന്ന് ഒഴിവാക്കുന്നതും എട്ടാം ക്ലാസ്സുമുതൽ മലയാളത്തിന് പകരം ആര്യഭാഷയാക്കുന്നതും പുതിയ സിലബസ്സിൽ ഗാന്ധിയുടേയും നെഹറുവിന്റെയും സ്ഥാനം ഏറ്റെടുക്കുന്ന സർദാർ പട്ടേലും നാത്സിനേതാക്കളും എന്നിങ്ങനെ സമൂഹത്തിൽ അധിനിവേശം നുഴഞ്ഞുകയറുന്നതിന്റെ ആദ്യ പ്രതിഫലനം വിദ്യാലയത്തിൽ കാണുന്നു.ജൂതക്കുട്ടികളെ സ്കൂളിൽ നിന്ന് പുറത്താക്കുന്നത് അവർക്ക് അവകാശപ്പെട്ട 'തേഡ് സ്പേസ്' നിഷേധിക്കുന്നതാണ്. പിന്നീട് പൊതുസ്ഥലം തന്നെ ജൂതന്മാർക്ക് അവകാശമില്ലാത്തതായി മാറുന്നത് കാണാം.വിദ്യാഭ്യാസ വകുപ്പ് തന്നെ രക്ഷാബന്ധൻ സ്കൂളുകളിൽ വിതരണം ചെയ്യുന്നു.അധിനിവേശത്തിന്റെയോ നാത്സികളുടെയോ യഥാർഥലക്ഷ്യങ്ങൾ തിരിച്ചറിയാതെ തന്നെ സമൂഹം വിശ്വാസത്തിന്റെ പേരിലും 'ആർഷഭാരത സംസ്കാര'ത്തിന്റെ പേരിലും നാത്സിഭരണത്തിൽ അകപ്പെടുകയും അതുമായി പൊരുത്തപ്പെടുകയും ചെയ്യുന്നതായി കാണാം.

"മലയാളിയുടെ സിരകളിൽ ആര്യരക്തമാണൊഴുകുന്നതെന്ന് സാമൂഹ്യപാഠം പഠിപ്പിക്കുന്ന കൊക്കുമുണ്ടി നമ്പൂതിരി സാർ പറഞ്ഞു ." "ജൂതഭാഷയുടെയും ജൂതസംസ്കാരത്തിന്റെയും ദുഷിച്ച സ്വാധീനത്തിലൂടെ നമ്മൾ ഭാരതത്തിന്റെ മുഖ്യധാരയിൽ നിന്നകന്ന് തമിഴന്റെ ശിങ്കിടികളായിട്ടുമാറി. മലയാളമുണ്ടായത് തമിഴീന്ന് ആണെന്ന് പറയുന്നത് ശുദ്ധ അസംബന്ധമാണെന്ന് ഞാൻ നിങ്ങടെ കോരസാറിനോടും മറ്റു സകല മലയാളംസാറന്മാരോടും പറയാറുണ്ട്. മലയാളം വാക്കുകളിൽ കൊറഞ്ഞത് എൺപത് ശതമാനമെങ്കിലും സംസ്കൃതമാ. സംസ്കൃതംന്ന് വെച്ചാൽ ആര്യഭാഷ തന്നെ.ബാക്കിയുള്ള ഇരുപതേയുള്ളൂ തമിഴും ഇംഗ്ലീഷും പോർച്ചുഗീസുമെല്ലാംകൂടെ."പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമായ അധ്യാപകർ അര്യാധിനിവേശത്തിന്റെ വക്താക്കളാകുന്നു.പൊതു ഇടമായ വിദ്യാലയത്തിൽ തെറ്റായ ചരിത്രബോധമുണ്ടാക്കി പുതിയതലമുറയെ നാത്സിഭരണത്തിന്റെ അനുകൂലികളാക്കുന്ന തന്ത്രം നോവലിൽ കാണുന്നു.

നാത്സികളുടെ അധികാരത്തെ ചെറുക്കുന്നത് തമിഴ്നാടാണ്.1975 ജൂലൈ മാസത്തോടെ നാത്സിസംസ്ഥാനങ്ങളിൽ നിന്ന് തമിഴ്നാട്ടിലേക്കും കേരളത്തിലേക്കും വമ്പിച്ച അഭയാർത്ഥിപ്രവാഹങ്ങളുണ്ടായി. കേരളം അഭയാർത്ഥികളെ നാത്സിസംസ്ഥാനങ്ങളിലേക്ക് തിരിച്ചയച്ചപ്പോൾ തമിഴ്നാട് അവരെ രണ്ടുകയ്യും നീട്ടി സ്വീകരിക്കുകയാണ് ചെയ്തത്. പോരാത്തതിന്,അഭയാർഥിപ്രശ്നത്തിന്റെ പേരിൽ നാത്സിഭരണകൂടത്തെ കുറ്റപ്പെടുത്തിക്കൊണ്ടുള്ള പ്രസ്താവനകൾ പുറപ്പെടുവിക്കുകയും ചെയ്തു. ഇത് രാജർഷിയെ തെല്ലൊന്നുമല്ല ചൊടിപ്പിച്ചത്."തുടർന്ന് തമിഴ്നാടിനെ നാത്സികൾ കീഴടക്കുന്നുണ്ടെങ്കിലും 'തമിഴ്പുലികൾ' ഉൾപ്പെടെ ചെറുതും വലുതുമായ പ്രതിഷേധങ്ങൾക്കൊടുവിൽ തമിഴ്നാടിന് പതനം സംഭവിക്കുന്നു.ആര്യവത്കരണത്തിനെതിരെ പ്രതിഷേധിക്കുന്ന തമിഴ്ജനതയെ കരിഞ്ചന്ത , പൂഴ്ത്തിവെപ്പ് എന്നിവയ്ക്ക് കുറ്റക്കാരാക്കി.അധിനിവേശത്തെ ചെറുത്തുനില്ക്കുന്നവരെ ശിക്ഷിച്ചും നാടുകടത്തിയും സമൂഹത്തിൽ ഭയാശങ്കകൾ നിലനിർത്തി നാത്സികൾ മുന്നേറുന്നത് കാണാം. തുടർന്ന് കേരളത്തിൽ ഘടകങ്ങൾ നിരോധിക്കപ്പെടുന്നുണ്ടെങ്കിലും 'സന്നദ്ധസേവസംഘം'എന്ന പേരിൽ നാത്സിഭരണം തിരിച്ചുവരുന്നുണ്ട്.തലസ്ഥാനമായ

തിരുവനന്തപുരം പിടിച്ചടക്കുന്ന നാത്സികളെ മുഖ്യമന്ത്രി 'പൂർണ്ണകുംഭം' നല്കി സ്വീകരിക്കുന്നത് അധിനിവേശത്തെ സ്വാഗതം ചെയ്യുന്ന ഭരണകൂടത്തിന്റെ സൂചനയാണ്. ഡെമോക്രസി – ജനാധിപത്യം എന്നതിനെ "ഡെമോ-ക്രയ്സി-ജനാധി-പൈത്യം" എന്ന് നോവലിൽ കാണുന്നത് ശ്രദ്ധേയമാണ്.

'ആർഷഭാരതം മടങ്ങിവരുന്നു ' എന്ന മുദ്രാവാക്യം ഉപയോഗിച്ചുകൊണ്ടാണ് നാത്സികൾ രാജാക്കന്മാരെ – അധീശവർഗ്ഗത്തെ കൂട്ടുപിടിക്കുന്നത്.'തമിഴ് ചാരന്മാരായ ജൂതന്മാരെ ഒറ്റപ്പെടുത്തുക' എന്ന മുദ്രവാക്യത്തോടെ അയ്യർ,അയ്യങ്കാർ,ചെട്ടി,തട്ടാൻ,അണ്ണാച്ചി എന്നിങ്ങനെ വിഭാഗങ്ങളെ ആക്രമിക്കുകയും അവർക്കെതിരെ നോട്ടീസ് പുറത്തിറക്കുകയും ചെയ്യുന്നു. ജൂതയായതിനാൽ പ്രിൻസിപ്പലിനെ സ്കൂളിൽ നിന്നും പുറത്താക്കുന്നു. റേഷൻ കാർഡുകളിൽ ജൂതനെന്ന് അടയാളപ്പെടുത്തുന്നു,അവർ അത് കൊണ്ടുനടക്കാൻ നിർബന്ധിതരാവുകയും അല്ലാത്തവർക്കുള്ള കോഡ് വാക്കായി 'ഭാരതപ്പുഴ' മാറുകയും ചെയ്യുന്നു. സർക്കാർ സർവീസുകളിൽ നിന്ന് ജൂതന്മാരെ പുറത്താക്കുന്നു.ആര്യന്മാര്ക്ക് വെളുത്ത തിരിച്ചറിയൽ കാർഡും ജൂതന്മാർക്ക് മഞ്ഞയുമാണ്നല്കുന്നത്. ഇത്തരം 'അന്യവത്കരണ'ത്തിലൂടെ സമഗ്രാധിപത്യം നേടിയെടുക്കുന്നു നാത്സികൾ.

"ജൂതന്മാർക്കെതിരെ ആക്രമം ഉണ്ടായേക്കുമെന്ന ഭയം തിരുവല്ലാ അഗ്രഹാരത്തിലും നിലനിന്നിരുന്നു. കടന്നുവരുന്ന അപരിചിതരെയെല്ലാം നിരീക്ഷിക്കാൻ ചെറുപ്പക്കാരായ ജൂതന്മാരുടെ സന്നദ്ധസംഘമുണ്ടായി. പട്ടത്തെരുവിലേക്ക് കയറുന്നിടത്ത് മുൻപത്തേതിലും കർശനമായ ചോദ്യം ചെയ്യലും മറ്റുമുണ്ടായെങ്കിലും ഈ ചങ്ങുറ്റം ഒരു മുഖംമൂടി മാത്രമാണെന്ന് വ്യക്തമായിരുന്നു. തമിഴ്ച്ചേച്ചിനും സംഗീതസാധനയ്ക്കും ഭജനയ്ക്കുമെല്ലാം ഒച്ച കുറഞ്ഞു. നോട്ടങ്ങൾ താണു." അധിനിവേശം എങ്ങനെയാണ് ഒരു സമൂഹത്തിൽ ഭയാശങ്ക നിറയ്ക്കുന്നതെന്നും അതിനെ നിശബ്ദമാക്കുന്നതെന്നും അവരുടെ വിശ്വാസങ്ങളെയും മൂല്യങ്ങളെയും ഇല്ലായ്മ ചെയ്യുന്നതെന്നും ഇത് വ്യക്തമാക്കുന്നു.

ജൂതന്മാർക്കെതിരെ വഞ്ചനാദിനം ആചരിച്ച ദിവസം

"പാണ്ടിജ്ജൂതൻ തെണ്ടിവന്നപ്പം

ഒട്ടുന്ന വയർ നട്ടെല്ലിൽ

ആണ്ടുരണ്ടു കഴിഞ്ഞുകണ്ടപ്പം

കുമ്പ നല്ലൊരു കുട്ടകം " എന്നിങ്ങനെ മുദ്രാവാക്യം വിളിക്കുന്നുണ്ട്."പാണ്ടിജ്ജൂതൻ, പാണ്ടിജ്ജൂതൻ, പാണ്ടിജ്ജൂതൻ എന്നാവർത്തിക്കുമ്പോൾ തലച്ചോറിൽ ഒരുതരം ലഹരിമുറുകുന്നത് എനിക്ക് അനുഭവിക്കാൻ കഴിഞ്ഞു" എന്നാണ് ആഖ്യാതാവ് പറയുന്നത്. ഈ അപരദ്വേഷത്തിന്റെ ലഹരി കൊണ്ട് പൌരസമൂഹത്തെ ഉത്തേജിപ്പിക്കുന്നത് അധിനിവേശതന്ത്രമാണെന്ന് കാണാം.

മാധ്യമങ്ങളുടെ സ്വാധീനം നോവലിലുടനീളം കാണുന്നു.1975ലെ അഭയാർഥിപ്രവാഹത്തെ കുറിക്കുന്നതിന് 'വെട്ടുകിളികൾ മടങ്ങിവരുമ്പോൾ' എന്ന പേരിൽ കാണുന്ന ലേഖനവും ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നാത്സികൾ തിരഞ്ഞെടുപ്പിൽ ജയിച്ചപ്പോൾ 'നാത്സി തരംഗം' എന്ന തലക്കെട്ടും പത്രത്തിന്റെ സ്വാധീനം വ്യക്തമാക്കുന്നു.ആര്യഭാഷ പഠിക്കുന്നതിനുള്ള പരിപാടി ആകാശവാണിയിൽ തുടങ്ങുന്നതും 'നിദ്രവിട്ടുണരുന്ന ഭാരതം' എന്ന വികസനത്തിന്റെ ലഘുലേഖയും അധിനിവേശത്തിന്റെ വക്താക്കളാണ്. "ആര്യഭരണകൂടത്തിന് അനുകൂലമല്ലാത്തതോ രാജ്യതാല്പര്യങ്ങൾക്ക് ഹാനികരമോ ആയ വാർത്തകൾ പ്രസിദ്ധീകരിക്കുന്നതിന് സർക്കാർ നിയന്ത്രണമേർപ്പെടുത്തി.പത്രത്തിൽ ശരിയായ

വാർത്തകൾ കുറയുന്നു എന്നായി അപ്പോൾ ജനത്തിന്റെ പരാതി. രണ്ടു പത്രമെടുത്തു തുറന്നുവെച്ചാൽ തിരിച്ചറിയാൻ പറ്റുന്നില്ലത്രെ. കാപ്പിക്കടയിലും മറ്റും ചക്കാത്തുവായനക്കാർ കുറഞ്ഞു." അധിനിവേശ താല്പര്യങ്ങൾക്ക് വിധേയപ്പെട്ട പത്രമാധ്യമങ്ങളെക്കുറിച്ചും അവയെ ആശങ്കയോടെ നോക്കിക്കാണുന്ന പൌരസമൂഹത്തെക്കുറിച്ചും ഷില്ലർ പറഞ്ഞത് ഇവിടെ പ്രസക്തമാകുന്നു.

പകർച്ചവ്യാധികളെ കൃത്യമായി നിയന്ത്രിക്കാൻ നാത്സികൾക്ക് കഴിഞ്ഞിരുന്നു. പട്ടിപിടുത്തം നടത്തിയും ഗോവധം നിരോധിച്ചും ജോലിയും സമൃദ്ധിയും നൽകിയുമാണ് നാത്സികൾ ജനങ്ങളെ സ്വാധീനിച്ചത്. ഭക്ഷണത്തിന്റെ കാര്യത്തിൽ ഗണ്യമായ മാറ്റങ്ങൾക്ക് നാത്സിഭരണം നേതൃത്വം നല്കി. റേഷണരിക്ക് പകരം ഗോതമ്പ് കഴിക്കാൻ തുടങ്ങുന്നതും 'ചാട്ട്' കടകൾ സുലഭമാകുന്നതും, ആര്യഭവൻ , ആര്യാസ് എന്നിങ്ങനെ ഹോട്ടലുകൾക്ക് പേരുവന്നതും ഭക്ഷണസംസ്കാരത്തിൽ ആര്യസംസ്കാരം കടന്നുകയറുന്നതിന് തെളിവാണ്.ആര്യഭാഷയിലെ നോവലുകളും സിനിമകളും ജനശ്രദ്ധ പിടിച്ചുപറ്റുന്നു. നാത്സികൾ ഉൽസവം നടത്തുകയും വരേണ്യകലകൾ പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നു.'ആര്യ' പദത്തിന് പ്രചാരം വരുന്നതും സാഹിത്യകൃതികളിൽ പുരാണകഥകൾക്ക് പ്രാധാന്യം വർദ്ധിക്കുന്നതും , പുതിയ സംസ്കൃത സ്ഥലപ്പേരുകൾ പ്രയോഗത്തിൽ വരുന്നതും,ആര്യവസ്ത്രധാരണവും, ആര്യഭാഷാപദങ്ങളും പദാർത്ഥങ്ങളും അവയുടെ പരസ്യങ്ങളും ഉപഭോഗസംസ്കാരത്തിന് വഴിഉറക്കുന്നതുമായ സാംസ്കാരിക അധിനിവേശത്തിന്റെ കാഴ്ച നോവലിൽ ഇടം പിടിക്കുന്നു.

നാത്സി സാമ്രാജ്യത്തിന്റെ രൂപീകരണത്തോടെ ജനവരി 26 നും ഓഗസ്റ്റ് 15 നും ഉണ്ടായിരുന്ന പ്രാധാന്യം പൊയ്പ്പോയിരുന്നു.'അഖണ്ഡഭാരതദിനം' എന്ന പേരിൽ അറിയപ്പെട്ടിരുന്ന ജൂൺ 25 ആയിരുന്നു ഏറ്റവും വലിയ ദേശീയാഘോഷം.ഓരോ ദിവസവും സ്വാതന്ത്ര്യദിനമായിത്തീർന്നു. ഓരോ ദിവസവും കാറിന്റെ മുമ്പിലെ ചെറിയ കൊടിമരത്തിലും ഉടുപ്പിൽ കുത്താവുന്ന മൊട്ടുസൂചിയിലും അമ്പലത്തിന്റെയും പള്ളിയുടെയും മുമ്പിൽ പോലും സ്വസ്തിക പതിച്ച അഖണ്ഡഭാരതപതാക ചിറകടിച്ചു." മതേതരത്വത്തെ ഇല്ലാതാക്കുന്നതും രാജ്യത്തിന്റെ സ്വതന്ത്ര്യസമരചരിത്രത്തെ അട്ടിമറിക്കുന്നതുമായ പ്രതിചരിത്രവത്കരണം ഫാഷിസത്തിന്റെ പ്രധാന സവിശേഷതയാണ്എന്ന് നോവലിൽ കാണുന്നു .

ക്ലാസ്സ് തുടങ്ങുന്നതിന് പതിനഞ്ച് മിനിറ്റ് മുൻപ് സദാചാരവിദ്യാഭ്യാസം നടത്തുകയും മന്ദിർരക്ഷാസേനയുടെ കീഴിലുള്ള ഭരണസമിതി ശ്രീകോവിലിന് ചുറ്റുമുള്ള ചുവർച്ചിത്രങ്ങൾ മായ്ച്ചുകളയുകയും, ക്ഷേത്രദർശനത്തിന് സ്ത്രീപുരുഷന്മാർക്ക് പ്രത്യേകം വരിസംവിധാനം ഏർപ്പെടുത്തുന്നതും, രാജർഷിയുടെ നിർദേശപ്രകാരം മലമ്പുഴയക്ഷിയെ തകർത്തുകളയുന്നതും , സ്ത്രീകളുടെ വസത്രാസ്വാതന്ത്ര്യത്തിന് മേൽ നടത്തിയ പിഴ ചുമത്തലും 'സദാചാര'ത്തിന്റെ പേരിൽ ജനങ്ങൾ സ്വീകരിക്കുന്നത് കാണാം.'അഹിംസാമാസം' എന്ന പ്രാധാന്യത്തോടെ രാമായണമാസം ആചാരിക്കുന്നതും ,ഗോവധം നിരോധിക്കപ്പെടുന്നതും,,രക്ഷാബന്ധനം ശ്രീകൃഷ്ണജയന്തിയും ആഘോഷിക്കുന്നതും, ഓണത്തിന് പകരമായി വാമനജയന്തി ആചരിക്കുന്നതും ഗണേശോൽസവം ആര്യൻ രീതിയിൽ കൊണ്ടാടുന്നതുമായ നാത്സിഭരണകാലത്തെ മതാധിപത്യം സമഗ്രാധിപത്യമായി മാറുന്നു.

ജൂതന്മാരെ കേന്ദ്രീകരണം നടത്തുകയും മിശ്രവിവാഹം നിരോധിക്കുകയും ,ജൂതന്മാർ ചാളകളിൽ താമസമാക്കുന്നതും, അവരെ തട്ടിക്കൊണ്ടുപോയി ഗ്യാസ് ചേംബറിൽ കയറ്റി കൊല്ലുന്നതുമായ ഫാസിസത്തിന്റെ ഭീകരമുഖം നോവലിന്റെ അവസാനഭാഗത്ത് കാണുന്നു.ജൂതനിർമ്മാർജനം പൂർത്തിയായ 'കേരള മോഡൽ' ആഗോളതലത്തിൽ വാഴ്ത്തപ്പെടുന്നത്

അധിനിവേശത്തിന്റെ വിജയഘോഷമാണ്. നാത്സിഭരണത്തെ പ്രോൽസാഹിപ്പിച്ച ആഖ്യാതാവ് സ്ഥാനങ്ങൾക്ക് പുറകെയുള്ള ഓട്ടം അവസാനിപ്പിച്ച് വിമർശനാത്മകമായി അധിനിവേശത്തെ കാണുന്നതിൽ നോവൽ അവസാനിക്കുന്നു.മതാധിനിവേശത്തിനെതിരെ സമൂഹം പുലർത്തേണ്ട ജാഗ്രതയിലേക്കുള്ള ചൂണ്ടുപലകയാകുന്ന 'ചുവന്ന ബാഡ്ജ്' എന്ന നോവൽ. ആഖ്യാതാവ് നോവലിൽ പഠിച്ച് മുന്നേറുന്നതോടൊപ്പം നാത്സിഭരണവും പ്രചരിച്ചതായി കാണാം. സ്ഥാനം ആഗ്രഹിക്കുന്ന കുട്ടി അധികാരം വ്യാപിപ്പിക്കാൻ ശ്രമിക്കുന്ന നാത്സികളുടെ പ്രതിനിധിയാണ്. തമിഴ് പട്ടരായ വീരമണിയെ അധിനിവേശം ഇരത്തിയോടിക്കുമ്പോഴാണ് അവന്റെ ചുവന്നബാഡ്ജ് നേടിയിട്ടും താൻ യഥാർത്ഥത്തിൽ പരാജയപ്പെടുകയാണെന്നും നാത്സി മനോഭാവമാണ് താനും പുലർത്തിയിരുന്നതെന്നും നായകന് മനസ്സിലാവുന്നത്.തുടർന്ന് റാങ്കിനും സ്ഥാനമാനങ്ങള്ക്കും പുറകെ പോവാതെ നാത്സിഭരണത്തെ ചെറുക്കേണ്ടതാണെന്ന് തിരിച്ചറിവുണ്ടാകുന്നു.ഇത് സമൂഹത്തിനുണ്ടാകേണ്ട തിരിച്ചറിവാണെന്ന് നോവലിസ്റ്റ് ഓർമ്മിപ്പിക്കുന്നുണ്ട്. മതാധിനിവേശത്തെ വിശ്വാസത്തിന്റെ പേരിൽ സ്വീകരിക്കുന്ന സമൂഹവും നോവൽ അവസാനത്തിൽ കാണുന്ന സമൂഹവും അധിനിവേശത്തെ നോക്കിക്കാണുന്നത് രണ്ട് തരത്തിലാണ്. നോവലിൽ കാണുന്ന കേരളവും തമിഴ്നാടും അധിനിവേശത്തെ രണ്ട് രീതിയിലാണ് ഉൾക്കൊള്ളുന്നത്.കോളനിയനന്തരസമൂഹം അധിനിവേശവുമായി പൊരുത്തപ്പെടുകയോ ചെറുത്തുനില്ക്കുകയോ ഹൈബ്റിഡിറ്റി രൂപപ്പെടുന്നതിന് കാരണമാവുകയോ ചെയ്യുന്ന എന്നതിന് നോവൽ ദൃഷ്ടാന്തമാകുന്നു.

"ആത്മകഥാസാങ്കേതമുപയോഗിച്ച് അനാഡംബരസുന്ദരമായ ആഖ്യാനപാടവത്തോടെ രാജേഷ് സൃഷ്ടിക്കുന്ന തിന്മയുടെ രാക്ഷസീയലോകം ഇന്ത്യൻ വർത്തമാനത്തിന്റെ മർമ്മത്തിൽ സ്പർശിക്കുന്ന മുന്നറിയിപ്പാണ്. അതിന്റെ ഹൃദയദ്രവീകരണശേഷിയുള്ള അർത്ഥതലങ്ങൾ എല്ലാ സ്വാതന്ത്ര്യസ്നേഹികളുടെയും മുന്നിൽ കിടിലം കൊള്ളിക്കുന്ന ചോദ്യങ്ങൾ ഉയർത്തുന്നു" എന്ന അഭിപ്രായം ഈ നോവലിനെക്കുറിച്ച് സേതു മുന്നോട്ടുവയ്ക്കുന്നത് കൃത്യമാണ് എന്ന് തെളിയുന്നു.

"നമ്മുടെ സംസ്കാരത്തെയും മതത്തെയും ഇടിച്ചുതാഴ്ത്തിക്കൊണ്ട്, ദുർവ്യഖ്യാനം ചെയ്തുകൊണ്ട് അവരുണ്ടാക്കിയ കള്ളചരിത്രം"എന്നിങ്ങനെ നമ്പൂതിരി സാർ പ്രകടിപ്പിക്കുന്ന കോളനിവിരുദ്ധവികാരത്തിൽ നിന്നുണ്ടായ മതാധിപത്യം ജനങ്ങളിൽ ഭയം സൃഷ്ടിക്കുകയും സ്വത്വപ്രതിസന്ധിക്ക് കാരണമാവുകയും ചെയ്യുന്നതായി നോവൽ സാക്ഷ്യപ്പെടുത്തുന്നു. ഫാസിസത്തെ ചെറുക്കേണ്ടതിന്റെ ആവശ്യകത 'ചുവന്ന ബാഡ്ജ്' ഓർമ്മിപ്പിക്കുന്നു.സമഗ്രാധിപത്യത്താൽ ശകലിത ആത്മബോധത്തോടെ ജീവിക്കുന്ന ജ്ഞാതജനത കോളനിയനന്തരകാലത്തെ പൌരസമൂഹത്തെ പ്രതിഫലിപ്പിക്കുന്നു എന്ന് കാണാം.

സുസ്മേഷ് ചന്ത്രോത്തിന്റെ 'യന്ത്രലോചനം' , രാജേഷ് ആർ വർമ്മയുടെ 'ചുവന്ന ബാഡ്ജ്' എന്നീ രണ്ട് നോവലുകളിലും അധിനിവേശത്തിന്റെ കടന്നുകയറ്റമാണ് കാണുന്നത്.യന്ത്രലോചനത്തിൽ കോർപ്പറേറ്റ് അധിനിവേശമാണെങ്കിൽ ചുവന്ന ബാഡ്ജിൽ കാണുന്നത് മതത്തിന്റെ അധിനിവേശമാണ്.യന്ത്രലോചനത്തിൽ അധിനിവേശം സാംസ്കാരികമായും പരിസ്ഥിതികമായും പ്രത്യാഘാതങ്ങളുണ്ടാക്കുമ്പോൾ സമഗ്രാധിപത്യത്തിലൂടെ സാംസ്കാരിക,സ്വത്വപ്രതിസന്ധിയും കയ്യേറ്റവുമാണ് ചുവന്ന ബാഡ്ജിൽ വരുന്നത്.രണ്ട് നോവലുകളിലും ഭയം , ആശങ്ക എന്നിവ കാണുന്നുണ്ട് . യന്ത്രഭയം ആദ്യത്തേതിൽ കാണുമ്പോൾ ജീവഭയമാണ് രണ്ടാമത്തെ നോവലിൽ നിറയുന്നത്.ആറംഗസംഘം അധിനിവേശത്തെ ചെറുത്തുനില്ക്കാൻ ചർച്ച നടത്തുന്ന അമ്പലമുറ്റമാണ്

യന്ത്രലോചനത്തിലെ 'തേർഡ് സ്പേസ്'. എന്നാൽ അമ്പലവും വിദ്യാലയവുമാണ് ചുവന്ന ബാഡ്ജിലെ മൂന്നാമിടമായി കടന്നുവരുന്നത്. രണ്ടു നോവലുകളിലും പൌരസമൂഹത്തിന്റെ ശകലിതമായ ആത്മബോധമാണ് അധിനിവേശം ബാക്കിയാക്കുന്നത്.

യന്ത്രലോചനത്തിൽ യന്ത്രസംസ്കാരത്തിന്റെ സ്വാധീനം ജനങ്ങളെ യന്ത്രസമാനമായ ജീവിതത്തിലേക്ക് നയിക്കുന്നു. അവരുടെ ഭക്ഷണം, ഭാഷ , സാമൂഹിക ഇടപാടുകൾ എന്നിവയെല്ലാം യന്ത്രവുമായി ബന്ധപ്പെട്ടിരിക്കുന്നു. അവിടെ ജീവിച്ചിരുന്ന ഗ്രാമീണ ജനതയുടെ തനത് സംസ്കാരവും യന്ത്രസംസ്കാരവും കൂടിച്ചേര്ന്ന് ഒരു 'ഹൈബ്രിഡ് കൾച്ചർ' രൂപപ്പെടുന്നതായി കാണുന്നു. ഇതിനോട് യോജിക്കാൻ കഴിയാത്ത സമൂഹത്തിന്റെ പ്രതിനിധിയായ വിപിനനും പൌർണമിയും ചെറുത്തുനിൽപ്പിന് ശ്രമിച്ച് വിജയിക്കാനാകാതെ ജീവിതമവസാനിപ്പിക്കുന്നു. എന്നാൽ കോർപ്പറേറ്റ് അധിനിവേശത്തെ വികസനത്തിന്റെ പേരിൽ സ്വീകരിക്കുന്ന സമൂഹവും ഇതിൽ കാണുന്നു. ചുവന്ന ബാഡ്ജിൽ കേരളത്തിലെ  ഇടത്തരം കുടുംബങ്ങൾ നാത്സി ഭരണവുമായി സഹകരിച്ച് മുന്നോട്ട്പോവുന്നത് കാണാം. എന്നാൽ മതാധികാരസമൂഹത്തെ ചെറുത്തുതോൽപ്പിക്കുന്ന തമിഴ്നാടിന്റെ പതനം നോവലിൽ ഉൾച്ചേർത്തിരിക്കുന്നത് ശ്രദ്ധേയമാണ്. യന്ത്രലോചനത്തിൽ  വികസനം അധിനിവേശത്തിനു വഴിയൊരുക്കുമ്പോൾ  വിശ്വാസമാണ് ചുവന്ന ബാഡ്ജിൽ മതാധിനിവേശത്തിന് വഴിതുറക്കുന്നത്.

ജൂതസമൂഹം നേരിടുന്ന ആക്രമണങ്ങൾ പോലെയാണ് ആവാസവ്യവസ്ഥ യന്ത്രലോചനത്തിൽ തകർക്കപ്പെടുന്നത്. ഭരണസംവിധാനങ്ങൾ അധിനിവേശത്തിന് കൂട്ടുനിൽക്കുകയോ അതിന്റെ ഏജന്റായി പ്രവർത്തിക്കുകയോ ചെയ്യുന്നതാണ് രണ്ട് നോവലുകളിലും കാണുന്നത്.പൌരസമൂഹത്തെ വഞ്ചിച്ചുകൊണ്ട് സ്വകാര്യവിമാനത്താവളത്തിന് എൻ ഒ സി നല്കുന്ന സർക്കാരും നാത്സികളെ പൂർണ്ണകുംഭം നല്കി വരവേൽക്കുന്ന മുഖ്യമന്ത്രിയും ഭരണീയതയുടെ ഭീകരമുഖം തുറന്നുകാട്ടുന്നു.

രണ്ട് നോവലുകളിലും മാധ്യമത്തിന്റെ സ്വാധീനം പ്രകടമായി കാണുന്നു. അധിനിവേശത്തിന്റെ താല്പര്യങ്ങളാണ് ചുവന്ന ബാഡ്ജിൽ കാണുന്ന പത്രവാർത്തകൾ പ്രതിഫലിപ്പിക്കുന്നത്. ആര്യസംസ്കാരത്തിന്റെ വക്താവായി ജനങ്ങളിലേക്കെത്തുന്ന പത്രമാധ്യമങ്ങൾ കോളനിയനന്തരകാലത്തിന്റെ സവിശേഷതയാണ്. "ഇന്റർനെറ്റാണല്ലോ ഇപ്പോഴത്തെ ഓൾ എഡിഷൻ പത്രം" എന്ന് യന്ത്രലോചനത്തിൽ കാണുന്നു. സ്വകാര്യവിമാനത്താവളത്തിന്റെ വാർത്തകൾ വിപിനൻ  അറിയുന്നതും നാട്ടുകാർ പ്രതിഷേധമറിയിക്കുന്നതും നവമാധ്യമങ്ങളിലൂടെയാണ്. എന്നാൽ അവയൊന്നും ലക്ഷ്യം കാണാതെ പോവുന്നത് കോർപ്പറേറ്റ് ശക്തികളുടെ താല്പര്യങ്ങൾക്ക് വിധേയപ്പെട്ടുകൊണ്ടാണ് മാധ്യമങ്ങൾ പ്രവർത്തിക്കുന്നത് എന്നതാണ്.

മനുഷ്യവികാരങ്ങൾ അടിച്ചമർത്തപ്പെടുന്ന യന്ത്രവത്കൃതലോകമാണ് യന്ത്രലോചനത്തിൽ കാണുന്നത്. വിപിനന്റെയും പൌർണമിയുടെയും പ്രണയം ഇല്ലാതാക്കപ്പെടുന്നതുപോലെയാണ് സർഗ്ഗാത്മക ആവിഷ്കാരങ്ങളായ ചുവർചിത്രങ്ങളും മലമ്പുഴ യക്ഷിയും ചുവന്ന ബാഡ്ജിൽ നശിപ്പിക്കപ്പെടുന്നത്. സർഗ്ഗാത്മകതയും കാമനകളും മനുഷ്യവികാരങ്ങളും അധിനിവേശത്തിന്റെ കടന്നുകയറ്റത്തിൽ തുടച്ചുനീക്കപ്പെടുന്നത് കാണാം.

കോളനിയനന്തരകാലത്തെ എല്ലാവിധ അധിനിവേശങ്ങളും പൌരസമൂഹത്തിൽ ഭാവിഭയം സൃഷ്ടിക്കുന്നതും,സാംസ്കാരിക സങ്കലനത്തിന് വഴിയൊരുക്കുന്നതും, തനത് ജീവിതത്തിന്റെ സ്വത്വം

തകർക്കുന്നതും, പാരിസ്ഥിതിക സാംസ്കാരിക പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നതുമാണെന്നും ഭരണീയത അധിനിവേശത്തിന്റെ ഏജന്റായി പ്രവർത്തിക്കുന്നുണ്ടെന്നും യന്ത്രലോചനം, ചുവന്ന ബാഡ്ജ് എന്നീ നോവലുകളെ മുൻനിർത്തിയുള്ള വിശകലനത്തിൽനിന്ന് മനസ്സിലാക്കാം.

**സഹായകഗ്രന്ഥങ്ങൾ**


1. ഡോ. പവിത്രൻ പി. , കോളനിയനന്തരവാദം , കൈരളി ബുക്സ്, കണ്ണൂർ.
2. രാജേഷ് . ആർ. വർമ്മ ,ചുവന്ന ബാഡ്ജ് , ചിന്ത പബ്ലിഷേഴ്സ് , തിരുവനന്തപുരം.
3. സുസ്മേഷ് ചന്ത്രോത്ത്, യന്ത്രലോചനം മാതൃഭൂമി ബുക്സ്, കോഴിക്കോട്


ഐശ്വര്യ എസ് മേനോൻ

ഗവേഷക , മലയാള വിഭാഗം

എസ് എൻ ജി എസ് കോളേജ്, പട്ടാമ്പി